പെട്രോൾ കോട്ട.

83. MR. M. MUSTAFFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ലഭിക്കുന്ന പെട്രോൾ കോട്ട യിൽ നിന്നും തിരുവിതാംകൂർ ഗവണ്മെൻറ് ഏതെങ്കിലും വിമാനത്തി ന്റെ ആവശ്യത്തിനു് പെട്രോൾ നൽകുന്നുണ്ടോ ?

HON'BLE MR. A. THANU PILLAI : ഉണ്ടു്.

MR. M. MUSTAFFA : ഏതു വിമാനത്തിനാണ് കൊടുക്കുന്ന തെന്നു് പറയാമോ ?

HON'BLE MR. A. THANU PILLAI : മഹാരാജാവു തിരുമനസ്സുകൊണ്ടു ഉപയോഗിക്കുന്ന ഒരു വിമാനത്തിനു കൊടുക്കുന്നുണ്ടു്.

MR. M. MUSTAFFA : ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്ക ൽസ് കമ്പനിയുടെ വിമാനത്തിനു പെട്രോൾ കൊടുക്കുന്നുണ്ടോ ?

HON'BLE MR. A. THANU PILLAI : ഇല്ല.

MR. K. R. ELANKATH (*Trivandrum IV—General*) : തിരുവിതാം കൂർ ഗവണ്മെൻറ വകയായി വിമാനം ഉണ്ടോ?

HON'BLE MR. A. THANU PILLAI : മഹാരാജാവു തിരുമനസ്സുകൊണ്ടു് ഉപയോഗിക്കുന്ന വിമാനം എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

MR PAUL A. THALIATH : മഹാരാജാവുതിരുമനസ്സുകൊണ്ടു് യാത്ര ചെയ്യുന്ന അവസരത്തിലേ കൊടുക്കുകയുള്ളോ ?

HON'BLE MR. A. THANU PILLAI : യാത്രയ്ക്കാവശ്യമുള്ളപ്പോൾ കൊ ടുക്കും. അല്ലാതെ അദ്ദേഹം അതിലിരിക്കുമ്പോൾ മാത്രം എന്നതുമില്ല.

MR. R. K. RAM : அந்த விமானத்தை மஹாராஜா அவர்கள் மாத்திரந்தான் உபயோக்கிறார்களா ?

HON'BLE MR. A THANU PILLAI അല്ല നേരത്തെ പറഞ്ഞുകഴിഞ്ഞു.

തുണിവില.

84. MR. M. MUSTAFFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

തുണിവില ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനെ തടയാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI : ഉണ്ട്. അതിനെ സംബന്ധിച്ച് ഒരു സംഗതി അറിയിച്ചാൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്. തുണി കിട്ടുന്നില്ല. വില വളരെ കൂടുതലാണ്. ഇവയെ സംബന്ധിച്ച് ആലോചന നടത്തുന്നതിനായി ഇവിടെ നിന്നും ടെക്സ്റ്റൈൽ കമ്മീഷണരെ ബാംബെയിലയച്ചു. ഇൻഡ്യൻ ടെക്സ്റ്റൈൽ കമ്മീഷണറുമായി തുണിക്ഷാമം കുറയ്ക്കുന്നതിന് എന്തു മാർഗ്ഗമുണ്ടെന്ന് അന്വേഷിച്ചു. തൽഫലമായി അഞ്ഞൂറു ബെയിൽ കോറായും മൂവായിരം ബെയിൽ നൂലും ന്യായമായ വിലയ്ക്കു നമുക്കു കിട്ടുന്നതിനുവേണ്ട ഏർപ്പാട് ചെയ്തിട്ടുണ്ട്. സ്റ്റോക്ക് ഇങ്ങോട്ട് അയച്ചു തുടങ്ങിയിട്ടുണ്ട്. താമസിയാതെ ഇവിടെ വന്നുചേരുന്നതാണ്.

MR. M. MUSTAFFA : വരുന്ന തുണിയും കച്ചവടക്കാർ മുഖാന്തിരം വിതരണം ചെയ്യാനാണോ ഉദ്ദേശിച്ചിരിക്കുന്നത് ?

HON'BLE MR. A. THANU PILLAI : ഇതുവരെ ഏർപ്പാട് ചെയ്തിട്ടുണ്ട്. കച്ചവടക്കാർ മുഖാന്തിരം വിതരണം ചെയ്യണോ എന്ന് അവസാനമായി തീരുമാനം ചെയ്തിട്ടില്ല. കച്ചവടക്കാർ മുഖാന്തിരം അയിരുന്നാലും വിലയ്ക്ക് ശരിയായ നിയന്ത്രണം ഏർപ്പെടുത്തുന്നതുമായിരിക്കും.

MR. PANDAVATHU SANKARA PILLAI (*Kartigapally III—General:*) ടെക്സ്റ്റൈൽ കമ്മീഷണർ ബാംബെയിൽ പോയിരുന്നപ്പോൾ കൺട്രോൾ നിരക്കനുസരിച്ച് ഏർപ്പാട് ചെയ്തിരുന്ന മുപ്പതു ലക്ഷം രൂപയുടെ ചരക്ക് മറ്റു തരത്തിൽ വിറ്റിട്ടുള്ളതായി അറിയാമോ ?

HON'BLE MR. A. THANU PILLAI : അതിന് നോട്ടീസു വേണം.

പൂത്തിച്ചക്ക കയറ്റുമതി.

85. MR. M. MUSTAFFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ഈ രാജ്യത്തുനിന്നും പൂത്തിച്ചക്ക (Pine Apple) കയറ്റുമതി ചെയ്യുന്നതിന്മേൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം ഇന്നത്തെ പരിതസ്ഥിതികളിൽ നീക്കം ചെയ്യുകുടെ ?

LIBRARY ARCHIVES Kerala Legislative Assembly